**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുൻപ് സർവീസിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോരിറ്റി തുടങ്ങിയവ എങ്ങനെയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതിന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോറിറ്റി തുടങ്ങിയവ കണക്കാക്കുന്നത്. |
| (ബി) | പ്രസ്തുത സ്പെഷ്യൽ റൂൾസിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള പ്രൊമോഷന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ Secretary, Local Self Government Institutions കാറ്റഗറിയിലെ Method of Appointment i) By transfer from Category 1(a) Group I of LSGD Subordinate Service ന്റെ യോഗ്യത SSLC or its equivalent എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നതിന് ശേഷം ഗ്രാമവികസന വകുപ്പിൽ നിന്നും ബിരുദ യോഗ്യതയില്ലാത്ത ജീവനക്കാർക്ക് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിന് ശേഷം, നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ബിരുദ യോഗ്യതയില്ലാത്ത ജീവനക്കാർക്ക് സ്റ്റോപ്പ് ഗ്യാപ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ Secretary, Local Self Government Institutions തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നതെന്നും ഇതിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും അറിയിക്കുമോ; ലഭിച്ച പരാതികളിൽ പരാതി പരിഹാര സെൽ സർക്കാരിന് സമർപ്പിച്ച ശിപാർശകളുടെ പകർപ്പ് നൽകുമോ? | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പ് വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2022 ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27.10.2022 തീയതി പ്രാബല്യത്തിൽ നിലവിൽ വന്നു. ടി സെല്ലിന്റെ കാലാവധി വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച 27.10.2022 മുതൽ ഒരു വർഷമായിരുന്നു. ആയതിൻപ്രകാരം കാലാവധി 26.10.2023 ൽ അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പരാതി |

| | | | |
|---|---|---|---|
| | | | പരിഹാര സെല്ലിൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് ടി സെല്ലിന്റെ കാലാവധി 27.10.2023 മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് 04.11.2023ലെ സ.ഉ (സാധാ) നം. 2177/2023/ തസ്വഭവ പ്രകാരം ഉത്തരവായിരുന്നു.<br><br>25.01.2024 ന് ചേർന്ന പരാതി പരിഹാര സെൽ, ലഭിച്ച മുഴുവൻ പരാതികളിന്മേലും തീരുമാനം എടുത്തിട്ടുള്ളതായും ആയതിന്മേലുള്ള റിപ്പോർട്ട്, ശിപാർശ സഹിതം അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ